INTERNATIONAL INDIAN SCHOOL DAMMAM

SUMMATIVE ASSESSMENT II 2016-MARCH

CLASS-VIII MALAYALAM MARKS-90

TIME-3HRS

I.ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .

സ്വർണ്ണത്തെക്കാൾ വിലകൂടിയ ലോഹങ്ങളാണ് യുറേനിയം, പ്ലാറ്റിനം, റേഡിയം മുതലായവ. ഇവയുടെ ദൗർലഭ്യവും ആവശ്യത്തിന്റെ ആധിക്യവുമാണ് ഇതിനെ ഇത്രയധികം വിലപിടിപ്പുള്ളതാക്കുന്നത്.

യുറേനിയം സാന്ദ്രതകൂടിയ ഒരു വെളുത്ത ലോഹമാണ്.1789ൽ മാർട്ടിൻ ഹെൻറിച്ച് ക്ലാപ്പോർത്ത് ഇത് കണ്ടുപിടിച്ചു.യുറാനൈറ്റ്, പിച്ച്ബ്ലെന്റ്, തുടങ്ങിയിട്ടുള്ള അയിരുകളെ സംസ്കരിച്ചാണ് ഈ ലോഹം എടുക്കുന്നത്

ഈ ലോഹത്തിൽ നിന്നും പ്രകാശകിരണങ്ങൾ സദാ നിർഗമിച്ചു കൊണ്ടിരിക്കുന്നു.അതിന്റെ ഫലമായി വീര്യം ക്ഷയിച്ച് യുറേനിയം ക്രമേണ കാരീയമായി പരിണമിക്കുന്നു.അനേക സഹസ്രം വർഷങ്ങൾ കൊണ്ടാണ് ഈ പരിണാമം പൂർത്തിയാകുന്നത്. രണ്ടാംലോകമഹായുദ്ധം അവസാനിക്കുന്നതിൽ യുറേനിയം എന്ന ലോഹം ഭീകരമെങ്കിലും സാരമായ പങ്കുവഹിച്ചു. യുറേനിയം ഉപയോഗിച്ച് അമേരിക്ക ആദ്യമായി ഉണ്ടാക്കിയ അണുബോംബാണ് യുദ്ധത്തിനു പൂർണ്ണവിരാമമിട്ടത്.

1.എന്തിനെ സംസ്കരിച്ചാണ് യുറേനിയം എടുക്കുന്നത് ? (1).

2.യുറേനിയം എങ്ങനെയുള്ള ലോഹമാണ് ? ആരാണിതു കണ്ടുപിടിച്ചത് ? (2)

3.സ്വർണ്ണത്തെക്കാൾ വിലകൂടിയ മറ്റ് ലോഹങ്ങൾ ഏതെല്ലാം ? എന്താണ് അതിന്റെ വില ഇത്രയധികം കൂടാൻ കാരണം ? (2)

4. യുറേനിയം എങ്ങനെയാണ് കാരീയമായി പരിണമിക്കുന്നത് ? എത്ര വർഷം കൊണ്ട് ഇത് സംഭവിക്കുന്നു ? (3)

5.രണ്ടാംലോക മഹായുദ്ധത്തിന് പൂർണ്ണവിരാമമിട്ടത് എന്താണ് ? (2)

II.ഖണ്ഡിക തയ്യാറാക്കുക (5)

വനവത്ക്കരണം

III. ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക (5)

( ആ , ബ , ഖ, മ, സ്വ, ക്ഷ )

1. മു _ പ്രസംഗം 2. _ ത്മവീര്യം 3. ആഗോള _ ത്സരം

4. _ യോനമുഖം 5. സംഭവ _ ഹുലം

IV. അർത്ഥം എഴുതുക (5)

1.ഒടുങ്ങി 2. അഭേദ്യം 3. വീക്ഷണം 4. മോഹഭംഗം 5. ഉണ്മ

V. വിപരീതം എഴുതുക (5)

1. ലംഘിക്കുക 2.സ്പന്ദനം 3. ജീർണ്ണം 4 .സ്വാതന്ത്ര്യം 5. സമൂഹം

VI. പര്യായം എഴുതുക (5)

1. കുട, 2. വസ്ത്രം 3. കുംഭം 4. വാർത്ത 5. നഗരം

VII. ചേർത്തെഴുതുക (5)

1. ചിത് + രൂപം 2. പച്ച + കായ 3. കുട്ടി + ഇണക്കാൻ

4. ഐതിഹ്യം + ഉം 5. ഒരു + അദ്ധ്യായം .

VIII. പിരിച്ച് സന്ധി എഴുതുക (5)

1.താഴത്തെഴുന്നള്ളി 2. സ്വാധീനമാണ് 3.കുമ്പയൊതുക്കി .

4. ചുരുക്കിപ്പറയാം 5. ഒലിവില

IX. നാനാർത്ഥം എഴുതുക (3)

1. ശിക്ഷ 2. ആർത്തി 3. പ്രതിഭ

X. വാക്യത്തിൽ പ്രയോഗിക്കുക (any 2) (2 )

1. ആജീവനാന്തം 2. ദൈനംദിനം 3 . കറകളഞ്ഞ

XI. തെറ്റുതിരുത്തുക (2)

1. പണം സമ്പാദിച്ചതിനുശേഷം കച്ചവടം തുടങ്ങാനുള്ള അവന്റെ അനന്തരപരിശ്രമം വിജയിച്ചില്ല.

2. അദ്ധ്യാപകന് പഠിക്കാത്തതിനു വിദ്യാർത്ഥിയെ ശിക്ഷിച്ചു.

XII. പ്രയോഗം മാറ്റുക (2)

1. ആശാൻ വീണപൂവ് എന്ന ഖണ്ഡകാവ്യം രചിച്ചു.

2. വള്ളത്തോൾ കേരളകലാവേദിയെ പ്രോത്സാഹിപ്പിച്ചു.

XIII . വിഗ്രഹിക്കുക (4)

1. ജീർണവസ്ത്രം 2. ഗംഗാസ്നാനം 3. പരീക്ഷാഫലം 4. മല്ലയുദ്ധവീരൻ

XIV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (4)

1. പത്രം തയ്യാറാക്കി വിതരണം ചെയ്യുന്ന പ്രക്രിയ ലോകത്തിലാദ്യം നടപ്പിലാക്കിയ രാജ്യം ഏത് ?

( ചൈന , ഇന്ത്യ )

2. ഗണപതിയുടെ സദ്യയൂണ് ആരുടെ കവിതയാണ് ?

( എഴുത്തച്ഛൻ , കോയിപ്പുറത്തു പണിക്കർ )

3 . 1816 -ൽ ബംഗാളിൽ നിന്നു പ്രസിദ്ധീകരിച്ച " ബംഗാൾ ഗസറ്റി" ന്റെ

പത്രാധിപര് ആര് ?

( അഗസ്റ്റസ് ഹിക്കി , ഗംഗാധർ ഭട്ടാചാർജി )

4. ഏത് ഒളിമ്പിക്സിലാണ് ഇന്ത്യ ആദ്യമായി സ്വർണ്ണമെഡൽ നേടിയത് ?

( ആംസ്റ്റർഡാം ഒളിമ്പിക്സ് , പാരീസ് ഒളിമ്പിക്സ് )

XV. കവിത പൂരിപ്പിക്കുക ( 8 Line ) (8)

ആഴിമകളുമൊരുമിച്ചൊരു ——————————

—————— കക്ഷത്തിങ്കലടുക്കിക്കൊണ്ട്.

XVI. രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (6)

1. ആധുനിക ഒളിമ്പിക്സിന്റെ പിതാവാര് ? എന്നാണദ്ദേഹം സമ്മേളനം വിളിച്ചു കൂട്ടിയത് ? എവിടെ ?

2. പത്രപാരായണത്തിന്റെ പ്രയോജനമെന്ത് ?

3. ഗണപതിക്കു ദേഷ്യം വരാൻ കാരണമെന്ത് ?

XVII. മൂന്നോ നാലോ വാക്യത്തില് ഉത്തരമെഴുതുക ( 9)

1. ഒളിമ്പിക്സ് മത്സരങ്ങൾക്ക് നാന്ദികുറിച്ചതാര് ? ഒളിമ്പിക്സ് എന്ന പേരു ലഭിച്ചതെന്തുകൊണ്ട് ?

2.സാമൂഹിക പുരോഗതിയിൽ പത്രങ്ങൾക്കുള്ള സ്ഥാനമെന്ത് ?

3. എങ്ങനെയാണ് കുചേലനെ ശ്രീകൃഷ്ണൻ എതിരേറ്റത് ?

XVIII.ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (5)

1.ശാസ്ത്രി പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഭവനം ഒരു സത്രം പോലെയായിരുന്നു ഇങ്ങനെ പറയാൻ കാരണമെന്ത് ?

OR

2.പീസിഡോറസ് എന്ന യുവാവിന്റെ അമ്മ ചെയ്തതെന്ത് ?